പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3753 19.02.2013-ൽ മറുപടിയ്ക്ക്

## ദേശീയ താരങ്ങൾക്ക് അർഹമായ ആനുകൂല്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ വോളീബോൾ കിരീടം കേരളത്തിന് സ്വന്തമാക്കിയ ടീം അംഗങ്ങളടക്കമുള്ള കായിക താരങ്ങൾക്ക് നിലവിൽ നൽകി വരുന്ന ദിനബത്തയും അനുബന്ധ ആനുകൂല്യങ്ങളും തികച്ചും പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ദേശീയ തലത്തിൽ ശ്രദ്ധേയരാകുന്ന കായികതാരങ്ങൾക്കുള്ള ആനുകൂല്യങ്ങളും മറ്റും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തിര ശ്രമമുണ്ടാകുമോ ; | (ബി) | ദേശീയ തലത്തിൽ ശ്രദ്ധേയരാകുന്ന കായികതാരങ്ങൾക്കുള്ള ദിനബത്ത കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 29.01.2013 -ലെ തീരുമാനപ്രകാരം ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് നൽകിവരുന്ന ദിനബത്ത 200 രൂപയിൽ നിന്നും 300/- രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (സി) | ദേശീയ കിരീടം നേടുന്ന ടീം അംഗങ്ങൾക്ക് പ്രഖ്യാപിക്കുന്ന പാരിതോഷികത്തിന്റെ തുകയുടെ കാര്യത്തിൽ പൊതുമാനദണ്ഡം നിലവിലുണ്ടോ ? | (സി) & (ഡി) | ഉണ്ട്. സ.ഉ.(സാധാ)നം.3783/97/പൊ.വി.വ തീയതി 31.10.1997 പ്രകാരം ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾക്കുള്ള മാനദണ്ഡം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി നിരക്കുകൾ സ.ഉ.(സാധ)നം.2482/07/പൊ.വി.വ തീയതി 04.04.2007 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. 2007 ഏപ്രിൽ മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | നിലവിലല്ലെങ്കിൽ ആയതിനായി ഒരു പൊതു മാനദണ്ഡം കാലോചിതമായി നടപ്പിലാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളാകുന്ന കേരള കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡ് (2007 ഏപ്രിൽ മുതൽ പ്രാബല്യത്തിലുള്ള നിരക്ക്)

I )

| | | I | II | III |
|---|---|---|---|---|
| 1. | ഒളിമ്പിക്സ്/വേൾഡ് ചാമ്പ്യൻഷിപ്പ് | 10,00,000 | 5,00,000 | 3,00,000 |
| 2. | ഏഷ്യൻഗെയിംസ്/ കോമൺവെൽത്ത് ഗെയിംസ് | 5,00,000 | 3,00,000 | 2,00,000 |
| 3. | ഏഷ്യൻ ചാമ്പ്യൻഷിപ്പ് | 2,00,000 | 1,50,000 | 1,00,000 |
| 4. | സാഫ് ഗെയിംസ് | 1,75,000 | 1,25,000 | 75,000 |
| 5. | ജൂനിയർ | 2,00,000 | 1,00,000 | 50,000 |
| 6. | സബ്ബ് ജൂനിയർ | 1,00,000 | 50,000 | 25,000 |

II ) ദേശീയ വിജയികൾ

വ്യക്തിഗത ഇനങ്ങൾ

| | | | | |
|---|---|---|---|---|
| 1. | നാഷണൽ ഗെയിംസ് | 50,000 | 30,000 | 20,000 |
| 2. | സീനിയർ | 30,000 | 20,000 | 15,000 |
| 3. | ജൂനിയർ | 15,000 | 10,000 | 7,000 |
| 4. | സബ്ബ് ജൂനിയർ | 10,000 | 7,000 | 5,000 |

ടീമിനത്തിലെ വിജയികൾക്ക് താഴെ പറയുന്ന നിരക്കിലുള്ള അവാർഡ് തുക ടീം അംഗങ്ങൾക്കിടയിൽ തുല്യമായി വിഭജിച്ച് നൽകുകയാണ് ചെയ്യുന്നത്.

അന്തർദേശീയ വിജയികൾ

1. 2 പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 1.25 ഇരട്ടി
2. 3 മുതൽ 4 പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 1.5 ഇരട്ടി
3. 5 മുതൽ 10 പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 2 ഇരട്ടി
4. 10ൽ കൂടുതൽ പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 4 ഇരട്ടി

ദേശീയ വിജയികൾ

1. 2 പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 1.5 ഇരട്ടി
2. 3 മുതൽ 4 പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 2 ഇരട്ടി
3. 5 മുതൽ 10 പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 3 ഇരട്ടി
4. 10ൽ കൂടുതൽ പേർക്ക് - വ്യക്തിഗത ഇനത്തിന് അർഹമായ നിരക്കിന്റെ 5 ഇരട്ടി

സെക്ഷൻ ഓഫീസർ